(ഡി) ഇത്തരം ജലസേചന പദ്ധതികൾ ഏർപ്പെടുത്തുവാൻ നമ്മുടെ ഭൂമി ശാസ്ത്രം അനുയോജ്യമാണോ എന്നു വ്യക്തമാക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്):

(എ) ഉണ്ട്. ഡ്രിപ് ഇറിഗേഷൻ പ്രവർത്തനവും സ്പ്രിംഗ്ളർ ഇറിഗേഷൻ പ്രവർത്തനവും സംയോജിപ്പിച്ചുകൊണ്ടുള്ള 'ബബ്ളർ' ഇറിഗേഷൻ സിസ്റ്റം 152 കർഷകർക്കായി കാർഷിക സർവ്വകലാശാലയുടെ സാങ്കേതിക സഹായത്തോടെ 2002-2003-ൽ സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ട്. കൂടാതെ കൃഷി വകുപ്പ് 1992 മുതൽ കേന്ദ്രാവിഷ്കൃത പദ്ധതിയായി ഡ്രിപ് ഇറിഗേഷനും സ്പ്രിംഗ്ളർ ഇറിഗേഷനും സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നുണ്ട്.

(ബി ആന്റ് സി) കൃഷി വകുപ്പിന്റെ കീഴിലുള്ള കേന്ദ്രാവിഷ്കൃത ഡ്രിപ് ഇറിഗേഷൻ, സ്പ്രിംഗ്ളർ ഇറിഗേഷൻ പദ്ധതികൾ തുടർന്നു നടപ്പാക്കി വരുന്നു.

(ഡി) അനുയോജ്യമാണ്.

വെള്ളക്കരത്തോടൊപ്പം സർവ്വീസ് ചാർജ് ഈടാക്കാതിരിക്കാൻ നടപടി

*16 [416] ശ്രീ. എൻ. ഡി. അപ്പച്ചൻ :
,, സി. പി. മുഹമ്മദ് :
ശ്രീമതി മാലേത്ത് സരളാദേവി :
,, വി. ഡി. സതീശൻ :
,, അടൂർ പ്രകാശ് :താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗാർഹിക ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന വെള്ളത്തിന്റെ ചാർജ് ബൈ-മന്ത്ലി ബില്ലിംഗ് അടിസ്ഥാനത്തിൽ ഈടാക്കി തുടങ്ങിയത് എപ്പോൾ മുതലാണ്;

(ബി) രണ്ട് മാസത്തിലൊരിക്കൽ വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥൻ മീറ്റർ റീഡിംഗ് നടത്തി ബില്ലുകൾ കൃത്യമായി അതാതു ഉപഭോക്താക്കളെ ഏൽപ്പിക്കുന്ന കാര്യത്തിൽ വീഴ്ച വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കൃത്യ സമയങ്ങളിൽ മീറ്റർ റീഡിംഗ് നടത്തി ബില്ലുകൾ കൃത്യമായി ഉപഭോക്താക്കളുടെ വീട്ടിൽ അതാതു സമയത്തുതന്നെ നൽകാനുള്ള നടപടി സ്വീകരിക്കുമോ;

(ഡി) വാട്ടർ അതോറിറ്റിയുടെ ചെലവിൽ വീടുകളിൽ സ്ഥാപിച്ചിട്ടുള്ള മീറ്ററുകൾക്ക് വാടകയും, സർവ്വീസ് ചാർജ്ജും ഈടാക്കുമോ; ഇല്ലെങ്കിൽ ഇവയിൽ ഏതെല്ലാം ഈടാക്കുന്നുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഉപഭോക്താവിന്റെ ചെലവിൽ സ്ഥാപിച്ചിട്ടുള്ള മീറ്ററുകൾക്ക് സർവ്വീസ് ചാർജ്ജ് ഈടാക്കി വരുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) എങ്കിൽ ഇപ്രകാരം ക്രമവിരുദ്ധമായി സർവ്വീസ് ചാർജ്ജ് ഈടാക്കുമ്പോൾ ഇത് അടുത്ത ബില്ലുകളിൽ തട്ടിക്കിഴിക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) :

(എ) തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് നഗരപ്രദേശങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട ഓരോ സെക്ഷനുകളിൽ പരീക്ഷണാടിസ്ഥാനത്തിൽ ഒക്ടോബർ 2002 മുതൽ ഗാർഹിക ഉപഭോക്താക്കൾക്ക് ദ്വൈമാസ റീഡിംഗും, ബില്ലിംഗും ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) പരാതികൾ ലഭിക്കാറുണ്ട്.

(സി) നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) വാട്ടർ അതോറിറ്റിയുടെ ചെലവിൽ സ്ഥാപിച്ചിട്ടുള്ള മീറ്ററുകൾക്ക് പ്രതിമാസം പത്തു രൂപ മീറ്റർ വാടകയും രണ്ടു രൂപ മീറ്റർ പരിശോധന ചാർജ്ജായും (സർവീസ് ചാർജ്) ഈടാക്കി വരുന്നു.

(ഇ) ഉണ്ട്.

(എഫ്) നിലവിലുള്ള കേരള വാട്ടർ സപ്ലൈ റഗുലേഷൻ പ്രകാരമാണ് സർവീസ് ചാർജ് ഈടാക്കുന്നത്. ഇതിൽ ക്രമവിരുദ്ധമായി ഒന്നും തന്നെ ഇല്ല.

(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

വിനോദസഞ്ചാരികൾക്കുള്ള പുതിയ പദ്ധതികൾ

1 [2713] ശ്രീ. കെ. പി. മോഹനൻ :
,, സി. കെ. നാണു :
,, എ. സി. ഷൺമുഖദാസ് :
ഡോ. എ. നീലലോഹിതദാസൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വിദേശ-ആഭ്യന്തര ടൂറിസ്റ്റുകളുടെ സൗകര്യാർത്ഥം പുതിയ എന്തെല്ലാം സൗകര്യങ്ങളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly